എൽ.പി

കൂട

കളികൾ



## പ്രവർത്തനം 3

# ഇല മാറ്റം



ഗൂഗിൾമീറ്റിലൂടെയാണ് ഈ കളി. കളി കളിക്കാനായി വിജ്ഞാനോത്സവ ഗ്രൂപ്പിലുള്ള എല്ലാ ചങ്ങാതിമാർക്കും ലിങ്ക് അയച്ചു കൊടുക്കുക. വിജ്ഞാനോത്സവ ഗ്രൂപ്പിന്റെ ചുമതലയുള്ള മെന്റർമാർ ഇതിന് നിങ്ങളെ സഹായിക്കും. കളിക്കുന്നവരെല്ലാം വീടിന്റെ പരിസരത്തുനിന്നും കൊഴിഞ്ഞ് തറയിൽ വീണുകിടക്കുന്ന പരമാവധി ഇലകൾ കളിക്കു വേണ്ടി ശേഖരിച്ചു വക്കണം. ഈ ഇലകളും ആയിട്ട് വേണം ഗൂഗിൾ മീറ്റിൽ പങ്കെടുക്കാൻ.

കളി തുടങ്ങുമ്പോൾ എല്ലാവരും വീഡിയോ ഓഫ് ചെയ്ത് വക്കണം. ഒരു കുട്ടി വീഡിയോ ഓൺ

ഈ പ്രവർത്തനത്തിന്റെ
വിശദീകരണ വീഡിയോ കാണാം





അറിയാം
നിറയാം
ഉയരാം
യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം



# പ്രവർത്തനം 3

ചെയ്ത് ഒരില ഉയർത്തി കാണിക്കുന്നു. അതേ ഇലയോ അതേ ആകൃതി ഉള്ള ഇലയോ കൈവശം ഉള്ളവരെല്ലാം വീഡിയോ ഓൺ ചെയ്ത് ഇലകൾ കാണിക്കട്ടെ. ഇലകൾ കാണിച്ചവർക്ക് ഒരു പോയിന്റ്. ഇല ആദ്യം കാണിച്ച കുട്ടിക്കും ഒരു പോയിന്റ് ലഭിക്കും. കുട്ടി കാണിച്ച ഇലയുടെ അതേ ഇനത്തിൽ പെട്ട ഇല ആർക്കും കാണിക്കാനില്ലെങ്കിൽ ഇല കാണിച്ച കുട്ടിക്ക് 2 പോയിന്റ് ലഭിക്കും.

ഇനി അടുത്തയാൾ ഇല കാണിക്കട്ടെ. വ്യത്യസ്തമായ ഇലകൾ വേണം ഓരോരുത്തരും കാണിക്കാൻ. ഒരിക്കൽ കാണിച്ച ഇല വീണ്ടും കാണിക്കരുത്. വ്യത്യസ്തമായ ഇല കാണിക്കാൻ ഇല്ലാത്തവർക്ക് കളി പാസ് ചെയ്യാം. എല്ലാവരും ഒരു പ്രാവശ്യം ഇലകൾ കാണിച്ചു കഴിഞ്ഞാലും പിന്നെയും വ്യത്യസ്തമായ ഇലകൾ കാണിക്കാൻ ഉണ്ടെങ്കിൽ കളി തുടരാം. ഇലകൾ തീർന്നാൽ കളി അവസാനിപ്പിക്കാം. കളിയിൽ ഓരോരുത്തർക്കും കിട്ടിയ പോയിന്റ് കുറിച്ച് വക്കണം.





അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം